പിരിഞ്ഞുപോവുകയാണെങ്കിലും മരിച്ചുപോവുകയാണെങ്കിലും വ്യവസ്ഥയുണ്ട്. തൊഴിലിനെ സംബന്ധിച്ചു അവിടെ വലിയ പ്രശ്നങ്ങളൊന്നും ഇല്ല. എന്നാൽ റോഡു സൗകര്യം വേണം അതിനുള്ള ഏർപ്പാടുകളും ചെയ്തുകൊണ്ടിരിക്കുകയാണ്. രണ്ട് എസ്റ്റേറ്റാണ് ആയിട്ടാണിത്. അതിൽ അയിരനല്ലൂർ എസ്റ്റേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഉണ്ടായിട്ടില്ല. പ്രൊപ്പർട്ടി സൗകര്യം എല്ലാവർക്കുമുണ്ട്. വീടുകളും സാമാന്യം നല്ല നിലയിൽ വച്ചുകൊടുത്തിട്ടുണ്ട്. ഇലക്ട്രിഫിക്കേഷന്റെ കാര്യത്തിൽ ഒരു എസ്റ്റേറ്റിൽ വൈദ്യുതി എത്തിക്കാൻ സാധിച്ചിട്ടില്ല. 11 കെ. വി. ലൈൻ വലിച്ചു ഇലക്ട്രിഫൈ ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇതിന് 11 ലക്ഷം രൂപ കോൺട്രിബ്യൂഷനായിട്ടു കൊടുക്കേണ്ടതുണ്ടായിരുന്നു. അത് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡു കുറച്ചു തന്നിട്ടുണ്ട്. ഇതുമാത്രമല്ല ഇതിന്റെ പ്രോജക്ട് റിപ്പോർട്ടു കേന്ദ്രഗവണ്മെന്റും നബാർഡും അനുവദിച്ചു തരേണ്ടതായിട്ടുണ്ട്. രണ്ടു കൊല്ലമായിട്ടു അനുവദിച്ചു തന്നിട്ടില്ല. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് ഈ ചാർജ് കുറച്ചു തന്നിട്ടുള്ളതുകൊണ്ടു ഒരു മാസത്തിനകം അയിരനല്ലൂർ എസ്റ്റേറ്റിൽ ഇലക്ട്രിഫൈ ചെയ്യുന്നതിനുള്ള നടപടികളും ഗവണ്മെന്റ് എടുത്തിട്ടുണ്ട്. ആശുപത്രി സൗകര്യത്തെപ്പറ്റി പറയുകയാണെങ്കിൽ ഇപ്പോഴും ഡോക്ടർ ഇല്ലാതെ വെളിയിൽനിന്ന് ചികിൽസിക്കുകയാണ്. ഒരു ലേഡി ഡോക്ടറെ നിയമിക്കാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. മറെറാരു ഡോക്ടറെക്കൂടി നിയമിക്കുന്നതിനുള്ള നടപടി എടുത്തുവരികയാണ്. രണ്ടു സഹകരണ സംഘങ്ങളും പലിശ കൂടാതെ വായ്പ അവർക്കുകൊടുത്തുകൊണ്ടു നിത്യോപയോഗ സാധനങ്ങളും ന്യായവിലയ്ക്കു കൊടുക്കുന്നതിനു സംവിധാനം ചെയ്തു കൊണ്ടിരിക്കുകയാണ്. മറെറാന്ന് ഒരു സ്കൂളിന്റെ കാര്യമാണ്. അടുത്ത കാലത്താണ് ഒരു സ്കൂളും അവിടെ വന്നിട്ടുള്ളത്. 5 തമിഴ് അദ്ധ്യാപകരെ പരിസര പ്രദേശത്തുള്ള സ്കൂളിൽ നിയമിച്ചിട്ടുണ്ട്. കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങളും ഏർപ്പെടുത്തി വരികയാണ്. എല്ലാ നിലയിലും ലാഭകരമായി നടക്കുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് സൗകര്യപ്രദമായ ജീവിതം കൊടുക്കുന്നതിന് ഗവൺമെന്റ് കാര്യമായി ശ്രദ്ധിക്കുന്നുണ്ട്.

(9) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

ശ്രീമതി ഭാർഗവി തങ്കപ്പൻ : സർ, നിത്യോപയോഗ സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുകയറുകയാണ്. ഈ സർക്കാർ കാഴ്ചക്കാരെപ്പോലെ നിന്നു സഹായരായി നോക്കിനിൽക്കുകയാണ്. ഇന്ന് ചമ്പാവരിക്ക് കമ്പോളത്തിൽ അഞ്ചര രൂപ വില കൊടുക്കണം. വെളുത്ത പുഴുക്കലരിക്ക് നാലര രൂപ വരെ വില കൊടുക്കേണ്ടിവരും. ഈ വെള്ളപ്പൊക്കത്തിന്റെ കെടുതികളെല്ലാം കണക്കിലെടുക്കുമ്പോൾ അരിയുടേയും മറു അത്യാവശ്യ സാധനങ്ങളുടേയും വില വർദ്ധിക്കാനാണ് പോകുന്നത്. പച്ചക്കറികൾക്കും പലവ്യഞ്ജനങ്ങൾക്കും എല്ലാം 200 ഇരട്ടി വില ഇന്ന് പരസ്യകമ്പോളത്തിൽ കൊടുക്കേണ്ടിവരുന്നുണ്ട്. ഇതിന് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയല്ലാതെ മറു മാർഗ്ഗങ്ങൾ ഒന്നും ഇല്ല. കൊല്ലം ജില്ലയിൽ ജില്ലാ കളക്ടർ വിലകുറച്ചുകൊടുക്കാനുള്ള ചില നടപടികൾ സ്വീകരിക്കാൻ തുടങ്ങിയപ്പോൾ അവിടത്തെ വ്യാപാരികൾ ആന്ധ്രയിൽപോയി അരി വാങ്ങി കൊല്ലം ജില്ലയിൽ വിൽക്കുന്നില്ല. അതാണ് അവിടത്തെ സാഹചര്യം. അതുപോലെതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പക്കൽ പച്ചരി മാത്രമേ ഉള്ളൂ. പുഴുക്കലരി ഇല്ലാ എന്ന് പത്രവാർത്തകൾ കണ്ടു. അതാണെങ്കിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാക്കും. പഞ്ചസാരയ്ക്ക് 5.20 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ എട്ടു എട്ടര രൂപയായിരിക്കുന്നു. ഇങ്ങനെ നിത്യോപയോഗ സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുകയറി വരുമ്പോൾ കാഴ്ചക്കാരായി ഈ സർക്കാർ നോക്കി നിൽക്കുകയാണ്. പൊതുവിതരണ സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. അതുകൊണ്ടു പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : സർ, അരി, പഞ്ചസാര തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില വളരെ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ലെങ്കിലും അടുത്ത ഏതാനും ആഴ്ചകളായി കുറെയെല്ലാം. വർദ്ധനവുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് അരിയുടെ വില ഒരുവിധം നിലനിർത്തുന്നതിനുവേണ്ടിയുള്ള ശ്രമം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുമ്പുവരെ ഇവിടെ പൊതു കമ്പോളത്തിൽ വളരെയധികം വില വർദ്ധിച്ചിട്ടുണ്ടായിരുന്നില്ല. മാവേലി സ്റ്റോറുകളിലൂടെയും സഹകരണ മാവേലി സ്റ്റോറുകളിലൂടെയും അരിവിതരണം ചെയ്തുവരുണ്ട്. അതിന്റെ ഫലമായി അരിയുടെ വില കുറെയെല്ലാം നിയന്ത്രിച്ചുനിറുത്താൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനം അരിക്കും പഞ്ചസാരയ്ക്കും മറ്റു നിത്യോപയോഗ സാധനങ്ങൾക്കും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന ഒരു സംസ്ഥാനം ആയതുകൊണ്ട് ദൗർലഭ്യവും വിലക്കയറ്റവും ഉണ്ടാവുക സ്വാഭാവികമാണ്. അതിന്റെ ഫലമായി വിലവർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞകൊല്ലം ജൂൺ മാസത്തിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ വില ഈ കൊല്ലം ഉണ്ടായിട്ടുണ്ട്. ആ വില നിയന്ത്രിക്കുവാൻ ഗവൺമെന്റ് പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നാം തീയതി മുതൽ അരി ഇങ്ങനെ ആദായ വിലയ്ക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. റേഷൻ പഞ്ചസാരയ്ക്കു പുറമേ ഇറക്കുമതി ചെയ്ത പഞ്ചസാര 5.90 രൂപയ്ക്ക് മാവേലി സ്റ്റോറുകളിലൂടെയും വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനു പുറമേ ഈ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി കർശനമായ നടപടികൾ എടുക്കണമെന്ന് ജില്ലാ കളക്ടർമാരുടെയും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാരുടേയും യോഗം വിളിച്ചുകൂട്ടി നിർദ്ദേശം നൽകിയിട്ടുണ്ട്. കൺട്രോൾ ഓർഡറുകൾ എല്ലാംതന്നെ പാലിക്കുകയും എല്ലാ കടക്കാരും വില വിവര പട്ടികയും സ്റ്റോക്ക് വിവര പട്ടികയും പ്രദർശിപ്പിക്കണമെന്ന് കർശനമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടർ വളരെ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ എടുത്തുകഴിഞ്ഞിട്ടുണ്ട്. അവിടെ ഹോട്ടൽ ഉടമകളെയെല്ലാം വിളിച്ചുകൂട്ടി ഹോട്ടലിൽ ഭക്ഷണത്തിനുള്ള വില 25 പൈസ കുറയ്ക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അരിയുടെ വില 3.40 രൂപയായി കുറയ്ക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. കൊച്ചിയിലും കോഴിക്കോട്ടും മറ്റെല്ലാ പ്രധാന അരി കമ്പോളങ്ങളിലും എല്ലാം തന്നെ ഇതുപോലെ കളക്ടർമാർ ചെയ്യണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം ഈ ഗവൺമെന്റിന്റെ പരിധിയ്ക്കും പരിമിതിയ്ക്കും ഉള്ളിൽ നിന്നുകൊണ്ട് നിയന്ത്രിക്കുവാൻ പരമാവധി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(10) ഗുരുവായൂർ ക്ഷേത്രപരിസരത്ത് മദ്യവിൽപ്പന നടത്തുന്നതു സംബന്ധിച്ച്

ശ്രീ. പി. കെ. കെ. ബാവ : സർ, അന്താരാഷ്ട്ര പ്രാധാന്യമുള്ള പുണ്യക്ഷേത്രമായ ഗുരുവായൂർ ക്ഷേത്രപരിസരത്ത് മദ്യവിൽപ്പന നടത്തുന്നുവെന്ന സാമൂഹ്യദ്രോഹം അവസാനിപ്പിക്കണം. പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ഇവിടെ പല്ലയിടങ്ങളിൽ നിന്നും എത്തുന്നുണ്ട്. അവരുടെ ആത്മാവിന് ശാന്തി ലഭിക്കാനും അവർക്ക് ഇഷ്ടപ്പെട്ട സങ്കൽപ്പത്തിന്റെ മുന്നിൽ പൂവിട്ടു

LIBRARY ARCHIVES Kerala.Legislative Assembly